# Shilanyas of India International Centre for Buddhist Culture and Heritage in Lumbini, Nepal

May 16, 2022

## ബുദ്ധ സംസ്കാരവും പൈതൃകവും സംരക്ഷിക്കാനുള്ള ഇന്ത്യൻ അന്താരാഷ്ട്ര കേന്ദ്രത്തിന്റെ ശിലാസ്ഥാപനം നേപ്പാളിലെ ലുംബിനിയിൽ നടന്നു

പ്രധാനമന്ത്രി നരേന്ദ്ര മോദിയും നേപ്പാൾ പ്രധാനമന്ത്രി ഷേർ ബഹാദൂർ ദൂബയും സംയുക്തമായി നേപ്പാളിലെ ലുംബിനിയിലെ സന്യാസ കേന്ദ്രത്തിൽ ബുദ്ധ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനുള്ള ഇന്ത്യൻ അന്താരാഷ്ട്ര കേന്ദ്രത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

2.ന്യൂഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ബുദ്ധിസ്റ്റ് കോൺഫഡറേഷനും (ഐ ബി സി) ലുംബിനി ഡെവലപ്മെന്റ് ട്രസ്റ്റും (എൽ ടി ഡി) തമ്മിലുള്ള കരാർ പ്രകാരം എൽ ടി ഡി നൽകിയ സ്ഥലത്ത് ഐബിസിയാണ് കേന്ദ്രം നിർമിക്കുക.

3.പ്രധാനപ്പെട്ട മൂന്ന് ബുദ്ധ വിഭാഗങ്ങളായ തെറവാദ, മഹായാന, വജ്രയാന എന്നിവയിൽ നിന്നുള്ള സന്യാസിമാരുടെ നേതൃത്വത്തിൽ നടന്ന ശിലാസ്ഥാപന ചടങ്ങുകൾക്ക് ശേഷം ഇരു പ്രധാനമന്ത്രിമാരും ചേർന്ന് കേന്ദ്രത്തിന്റെ ഒരു മാതൃക പുറത്തിറക്കി.

4.ആഗോള നിലവാരത്തിലുള്ള കേന്ദ്രത്തിന്റെ നിർമാണം പൂർത്തിയാകുന്നതോടെ ലോകത്തെമ്പാടു നിന്നുമുള്ള ഭക്തർക്കും വിനോദ സഞ്ചാരികൾക്കും ബുദ്ധമതത്തിന്റെ ആദ്ധ്യാത്മിക ചൈതന്യം അറിയാനും അനുഭവിക്കാനുമുള്ള അവസരം ലഭിക്കും. ആധുനിക സാങ്കേതിക വിദ്യകളും സൗകര്യങ്ങളും ഉപയോഗിച്ച് നിർമിക്കുന്ന കേന്ദ്രത്തിൽ വൈദ്യുതി, വെള്ളം, മാലിന്യ സംസ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളൊന്നുമുണ്ടാകില്ല. കേന്ദ്രത്തിൽ പ്രാർത്ഥനാ മുറികൾ, ധ്യാന കേന്ദ്രങ്ങൾ, ലൈബ്രറി, എക്സിബിഷൻ ഹാൾ, കഫതീരിയ, ഓഫീസുകൾ തുടങ്ങിയ സൗകര്യങ്ങളുണ്ടാകും.

ലുംബിനി

മെയ് 16, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.